ജി3-40069/17

കളക്ടറേറ്റ്,ആലപ്പുഴ
തീയതി :15.05.2020
Phone:0477 2251675,2251676
E-mail-dcalp.ker@nic.in

പ്രേഷകൻ
ജില്ലാ കളക്ടർ
ആലപ്പുഴ

സ്വീകർത്താവ്
സ്പെഷ്യൽ തഹസിൽദാർ,
എൽ.എ.യൂണിറ്റ്-2, KIIFB,
ആലപ്പുഴ, ചേർത്തല

സർ,

വിഷയം :-ഭൂമി ഏറ്റെടുക്കൽ- കുട്ടനാട് താലൂക്ക്-തട്ടാശ്ശേരി പാലം നിർമ്മാണം- പ്രാരംഭവിജ്ഞാപനം പരസ്യപ്പെടുത്തുന്നത്-സംബന്ധിച്ച്

സൂചന :- കേരള ഗസറ്റ് (അസാധാരണം) വിജ്ഞാപനം വോള്യം-9, നമ്പർ-2072 തീയതി:15.09.2020

*****

കുട്ടനാട് താലൂക്കിൽ കാവാലം തട്ടാശ്ശേരി പാലം നിർമ്മാണത്തിനായി ഏറ്റെടുക്കുന്ന ഭൂമിയുടെ പ്രാരംഭ വിജ്ഞാപനം സൂചന പ്രകാരം ഗവൺമെൻറ് ഗസറ്റിൽ പരസ്യപ്പെടുത്തിയിട്ടുള്ളതാണ്. ഈ സാഹചര്യത്തിൽ ചുവടെ പറയുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

1. 2013 ലെ ഭൂമി ഏറ്റെടുക്കൽ നിയമം, 2015 ലെ ഭൂമി ഏറ്റെടുക്കൽ ചട്ടങ്ങൾ എന്നിവയിൽ പ്രതിപാദിക്കുന്ന സ്ഥലങ്ങളിൽ പ്രാരംഭ വിജ്ഞാപനം അടിയന്തിരമായി പരസ്യപ്പെടുത്തി സാക്ഷ്യപത്രം സമർപ്പിക്കണം.
2.പ്രാരംഭ വിജ്ഞാപനത്തിന്മേൽ ലഭിക്കുന്ന പരാതികൾ അന്വേഷിച്ച് ശുപാർശ സഹിതമുള്ള റിപ്പോർട്ട് സമയബന്ധിതമായി സമർപ്പിക്കണം.
3.പുനരധിവാസ പാക്കേജ് തയ്യാറാക്കി 30.09.2020 നകം സമർപ്പിക്കണം.
4. ലാൻറ് റിക്കാർഡുകൾ നാളതീകരിച്ച് സമർപ്പിക്കണം.
5.അടിസ്ഥാന വില നിർണ്ണയ റിപ്പോർട്ട് 15.10.2020 നകം സമർപ്പിക്കണം.
6. 2013 ലെ ഭൂമി ഏറ്റെടുക്കൽ നിയമം, 2015 ലെ ഭൂമി ഏറ്റെടുക്കൽ ചട്ടങ്ങൾ എന്നിവയിൽ പ്രതിപാദിക്കുന്ന മറ്റ് നടപടികളും സ്വീകരിക്കണം.

വിശ്വസ്തതയോടെ

ജില്ലാ കളക്ടർക്കുവേണ്ടി
ഡെപ്യൂട്ടി കളക്ടർ (LA)

പകർപ്പ് :-1. ജില്ലാ ഇൻഫർമാറ്റിക്സ് ഓഫീസർ, ആലപ്പുഴ- ജില്ലാ കളക്ടറുടെ വെബ്സൈറ്റിൽ പരസ്യപ്പെടുത്തുന്നതിന്
2. ഹുസൂർ ശിരസ്തദാർ- നോട്ടീസ് ബോർഡിൽ പരസ്യപ്പെടുത്തുന്നതിന്